തൊടിക്കുളം ശിവക്ഷേത്ര പുനരുദ്ധാരണം

9 [3463] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ പലതും ജീർണ്ണാവസ്ഥയിലാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രശസ്തവും പുരാതനവുമായ തൊടിക്കുളം ശിവക്ഷേത്രത്തിന്റെ ചുറ്റുമതിലുകളും മറ്റ് അനുബന്ധ കെട്ടിടങ്ങളും പുനരുദ്ധരിച്ച് ക്ഷേത്ര സംരക്ഷണത്തിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൊടിക്കുളം ശിവക്ഷേത്രത്തിന്റെ ക്ഷേത്രകെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനായി രണ്ട് ഗഡുക്കളായി 30,000 രൂപ 1997-1998, 2000-2001 വർഷങ്ങളിൽ അനുവദിച്ചിരുന്നു. ഈ ക്ഷേത്രത്തിൽ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനായി 2004-2005 വർഷത്തിൽ 1,00,000 രൂപ (ഒരു ലക്ഷം രൂപ) യും അനുവദിക്കുകയുണ്ടായിട്ടുണ്ട്.

വടക്കേ മലബാറിലെ ക്ഷേത്ര സ്ഥാനികൻമാർക്ക് മാസവരുമാനം നൽകാൻ നിവേദനം

10 [3464] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കേ മലബാറിലെ ക്ഷേത്ര സ്ഥാനികൻമാരെ മാസവരുമാനം നൽകി സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് പതിനാല് നഗരം ക്ഷേത്രസംരക്ഷണ സമിതി നിവേദനം നൽകിയിരുന്നോ;

(ബി) ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇവരുടെ ക്ഷേമത്തിനായി ക്ഷേമനിധി, പെൻഷൻ, മാസവരുമാനം നൽകി സംരക്ഷിക്കൽ എന്നീ പദ്ധതികൾ നടപ്പിലാക്കുമോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) നിവേദനം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പതിനാല് നഗരം ക്ഷേത്ര. സംരക്ഷസമിതിയുടെ നിവേദനത്തിൽ പരാമർശിക്കപ്പെട്ട ശാലിയ സമുദായമുൾപ്പെടെ മറ്റു പിന്നോക്ക സമുദായങ്ങളുടെ ക്ഷേത്രങ്ങളിലെ സ്ഥാനീകർക്കുകൂടി മാസവരുമാനം നൽകി സംരക്ഷിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) നിലവിൽ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ക്ഷേത്രജീവനക്കാർക്ക് മാത്രമേ ക്ഷേമനിധി, പെൻഷൻ എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നുള്ളൂ. പതിനാല് നഗരം ക്ഷേത്രം പോലുള്ള സ്വകാര്യക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് മാസവരുമാനം നൽകുന്നകാര്യം പരിഗണിച്ചുവരുന്നു.

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിപണന സൗകര്യവും സ്വകാര്യ നിക്ഷേപവും

11 [3465] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിപണനം, പരിസ്ഥിതി ഒരുക്കൽ എന്നിവയുടെ ഭാഗമായി സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പരിസ്ഥിതി ഒരുക്കലിന്റെ ഭാഗമായി ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(സി) സ്വകാര്യമേഖലയിൽ നിന്ന് നിക്ഷേപം സ്വരൂപിക്കുന്നതിന്റെ ഭാഗമായി ഈ രംഗത്ത് എന്തെല്ലാം പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി റോഡുകൾ, താമസസൗകര്യം, ശുദ്ധജല വിതരണം, പബ്ലിക് ടോയ്ലറ്റുകൾ, ടൂറിസം, പോലീസ് എന്നിവരുടെ സേവനം എന്നിവയാണ് ടൂറിസം വകുപ്പ് ഏർപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ടൂറിസം കേന്ദ്രങ്ങളെ ശുചിയാക്കി നിലനിർത്തുന്നതിനുവേണ്ടി 'ക്ലീൻ ഡെസ്റ്റിനേഷൻ പ്രോഗ്രാം' കുടുംബശ്രീയുടെ സഹായത്തോടെ നടപ്പിലാക്കുന്നുണ്ട്. കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതോടുകൂടി അവിടേക്കുള്ള സഞ്ചാരികളുടെ വരവിലും ഓരോ കേന്ദ്രത്തിലും സഞ്ചാരികൾ ചെലവഴിക്കുന്ന സമയത്തിലും ഗണ്യമായ വർദ്ധന ഉണ്ടാകുമെന്നും ആയത് ആ മേഖലയിലെ വിപണനരംഗത്ത് കൂടുതൽ ഉണർവ് ഉണ്ടാക്കുമെന്നും വകുപ്പ് കരുതുന്നു. ആയതിനാൽ ഇത്തരം പ്രവർത്തനങ്ങൾ തുടർന്നും ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly